## 14. അഹങ്കാരം

അഹങ്കാരം നല്ലതല്ല. അത് നമ്മെ നശിപ്പിക്കും.
അഹങ്കാരികളെ ആളുകൾ വെറുക്കും.



ഒരുനാട്ടിൽ അഹങ്കാരിയായ ഒരാൾ ജീവിച്ചിരുന്നു. ജനങ്ങളെയൊക്കെ അവൻ വല്ലാതെ ഉപദ്രവിക്കുമായിരുന്നു. മോഷണമായിരുന്നു അവൻെറ തൊഴിൽ. നല്ല കാര്യങ്ങളൊന്നും ചെയ്തിരുന്നില്ല. കടുത്തദൈവവിരോധിയുമായിരുന്നു അവൻ. അവനെക്കൊണ്ട് ജനം വല്ലാതെ പൊറുതിമുട്ടി.

അടുത്ത ഗ്രാമത്തിൽ ഒരു പണ്ഡിതനുണ്ടായിരുന്നു. ആളുകൾ അദ്ദേഹത്തെ സമീപിച്ച് തങ്ങളെ എങ്ങനെയെങ്കിലും ആ ധിക്കാരിയിൽനിന്ന് രക്ഷിക്കണമെന്ന് കേണപേക്ഷിച്ചു. അദ്ദേഹം അവരെ സമാധാനിപ്പിച്ച് തിരിച്ചയച്ചു.

പണ്ഡിതൻ നേരെ അഹങ്കാരിയായ ആ മനുഷ്യൻെറ അടുത്തേക്ക് ചെന്നു.

“നീ ജനങ്ങളെയൊക്കെ വല്ലാതെ ഉപദ്രവിക്കുന്നു എന്ന് കേട്ടല്ലോ. വലിയ ദൈവധിക്കാരിയുമാണ് നീ അല്ലേ? അതിനാൽ ഞാൻ പറയുന്ന കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെങ്കിൽ നിനക്ക് ഇഷ്ടമുള്ളതുപോലെ ജീവിക്കാം. ഇല്ലെങ്കിൽ ഞാൻ പറയുന്നതുപോലെ നീ ജീവിക്കണം.”

അഹങ്കാരിയും ശക്തനുമായിരുന്ന ആ മനുഷ്യൻ ഒട്ടും ആലോചിക്കാതെ പറഞ്ഞു: “സമ്മതിച്ചിരിക്കുന്നു. എന്നോടാണോ നിൻെറ കളി? ആവട്ടെ, എന്താണ് നിനക്ക് പറയാനുള്ളത്?”

പണ്ഡിതൻ പറഞ്ഞു: “നീ ദൈവത്തെ ധിക്കരിക്കുകയാണെങ്കിൽ അവൻെറ ഭൂമിയിലുള്ള ഒരു സാധനവും ഇനിമേൽ തിന്നരുത്.”

അവൻ ചോദിച്ചു: “അതെങ്ങനെ? അവൻെറതല്ലാത്ത വല്ല സാധനവും ഈ ഭൂമിയിലുണ്ടോ?



പണ്ഡിതൻ ചോദിച്ചു: “ഇതെന്ത് കഥ? നീ ദൈവത്തിൻെറ ഭക്ഷണം കഴിക്കുകയും അവനെ ധിക്കരിക്കുകയും ചെയ്യുക. അതെങ്ങനെ ശരിയാകും?

“അടുത്ത കാര്യമെന്താണ്?” അവൻ തിരക്കി.

“നീ ദൈവത്തെ ധിക്കരിക്കുകയാണെങ്കിൽ അവൻെറ ഭൂമിയിൽ ജീവിക്കരുത്.” പണ്ഡിതൻ പറഞ്ഞു.

“അവൻെറ ഭൂമിയിലല്ലാതെ ഞാൻ പിന്നെ എവിടെ പോയി താമസിക്കും?”

അതുകേട്ട് പണ്ഡിതൻ ചോദിച്ചു: “ദൈവത്തെ ധിക്കരിച്ചുകൊണ്ട് നീ അവൻെറ ഭക്ഷണം കഴിക്കുകയും അവൻെറ ഭൂമിയിൽ താമസിക്കുകയും ചെയ്യുക. സ്വയം ശക്തനെന്ന് അഹങ്കരിക്കുന്ന ആർക്കും ചേർന്നതല്ല അത്.”

അതുകേട്ട് അവൻ തലതാഴ്ത്തി നിന്നു. അല്പം കഴിഞ്ഞ് അവൻ പണ്ഡിതനോട് ചോദിച്ചു: “എന്താണ് അടുത്ത കാര്യം?”



പണ്ഡിതൻ പറഞ്ഞു: “ഇനിയും നിനക്ക് ദൈവത്തെ ധിക്കരിക്കണമെന്നുണ്ടെങ്കിൽ അവൻ കാണാത്ത ഒരു സ്ഥലം കണ്ടെത്തി നീ അവിടെ ചെന്ന് താമസിക്കുക.”

ധിക്കാരി പറഞ്ഞു: “ദൈവം കാണാത്ത ഒരു സ്ഥലവും ഇല്ലല്ലോ. രഹസ്യമായതു പോലും അവൻ കാണുന്നുണ്ട്. പിന്നെ ഞാൻ എവിടെ പോകും?”

പണ്ഡിതൻ പറഞ്ഞു: “സ്വയം ശക്തനെന്നു കരുതി അഹങ്കരിക്കുകയും ജനത്തെ ഉപദ്രവിക്കുകയും ചെയ്യുന്ന നിനക്ക് അതിന് കഴി

യില്ലെങ്കിൽ നീ ഒരു കാര്യം ചെയ്യണം. നിൻെറ ജീവൻ പിടിക്കാനായി മാലാഖ വരുമ്പോൾ നീ അവനെ തിരിച്ചയക്കണം. ഞാൻ നല്ല മനുഷ്യ നായി ജീവിക്കുമ്പോൾ മാത്രം എൻെറ ജീവിനെടുക്കാൻ വന്നാൽ എന്ന് ആ മാലാഖ യോട് പറയണം."

അതുകേട്ട് അവൻ തലതാഴ്ത്തിനിന്നു. കുറച്ചു കഴിഞ്ഞ് ഇങ്ങനെ പറഞ്ഞു: "അത് എനിക്കെന്നല്ല ആർക്കും സാധിക്കാത്ത കാര്യമാണ്. ഇനി വല്ലതും ഉണ്ടോ?" നിരാശ യോടെ അവൻ ചോദിച്ചു:

പണ്ഡിതൻ പറഞ്ഞു: "അതും സാധിക്കുകയില്ലെങ്കിൽ മരണശേഷം നിന്നെ മാലാഖ മാർ നരകത്തിലേക്ക് കൊണ്ടുപോകുമ്പോൾ നീ അവരെ എതിർക്കണം. ഒരിക്കലും നീ നരകത്തിലേക്ക് പോകരുത്."

"മാലാഖയെ എതിർക്കാനോ? അതിനും എനിക്ക് സാധിക്കുകയില്ല." അവൻ തല താഴ്ത്തിക്കൊണ്ട് പറഞ്ഞു.

പണ്ഡിതൻ പറഞ്ഞു: "ഈ പറഞ്ഞ കാര്യങ്ങൾ നിനക്ക് സാധിച്ചേ പറ്റൂ. ഇല്ലെങ്കിൽ നിനക്ക് മോക്ഷം കിട്ടുകയില്ല." ഇത്രയും പറഞ്ഞ് പണ്ഡിതൻ തിരിഞ്ഞുനടക്കാൻ തുടങ്ങി. ആ അഹങ്കാരി പണ്ഡിതൻെറ പിന്നാലെ ചെന്നു താഴ്മയോടെ പറഞ്ഞു:

"പണ്ഡിതരേ, എനിക്ക് മോക്ഷം കിട്ടണം. എനിക്ക് ദൈവത്തിൽനിന്നുള്ള രക്ഷ വേണം. എനിക്ക് അവൻ മതി. ഞാൻ ഇനി മുതൽ ഞാൻ നന്നായി ജീവിച്ചുകൊള്ളാം. അതിനെന്നെ സഹായിക്കണം." അവൻ കരയാൻ തുടങ്ങി.

പണ്ഡിതൻ അവനെ സമാധാനിപ്പിച്ച് ആവശ്യമായ ഉപദേശം നല്കി തിരിച്ചു പോയി. പിന്നീടുള്ള കാലം മുഴുവൻ അവൻ നല്ല മനുഷ്യനായി ജീവിച്ചു.

*അഹങ്കരിക്കരുത്. താൻ എല്ലാം തികഞ്ഞവനാണെന്ന ധാരണയും നമുക്ക് ഉണ്ടാകരുത്.*